തദ്ദേശസ്വയംഭരണ ഭരണസമിതി അംഗങ്ങൾക്ക് പരിശീലനം

178 (1936) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ ഭരണ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ഡി) തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കേണ്ട നിയമങ്ങളെ സംബന്ധിച്ചും നടപടിക്രമങ്ങളെ സംബന്ധിച്ചും സമഗ്രബന്ധിതമായി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട 21682 ജനപ്രതിനിധികൾക്കും അധികാരമേറ്റ് നൂറ് ദിവസത്തിനകം മൂന്ന് ദിവസത്തെ പ്രാഥമിക പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. തുടർന്ന് ഭരണസമിതി അദ്ധ്യക്ഷൻമാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും രണ്ട് ദിവസത്തെ പരിശീലനം വാർഷിക പദ്ധതിയും ബഡ്ജറ്റും തയ്യാറാക്കുന്നതിനായി നൽകുന്നതാണ്. പുതിയ ഭരണസമിതിയുടെ അഞ്ച് വർഷത്തെ കാലാവധിക്കുള്ളിൽ മുഴുവൻ അദ്ധ്യക്ഷൻമാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർക്കും ഏറ്റവും കുറഞ്ഞത് 30 ദിവസത്തേയും അംഗങ്ങൾക്ക് 20 ദിവസത്തെയും പരിശീലനം വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി നൽകുന്നതിനുള്ള ദീർഘകാല പദ്ധതിയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ(കില) തയ്യാറാക്കിയിട്ടുണ്ട്.

(ബി) പുതുതായി തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സമിതി അദ്ധ്യക്ഷന്മാരുടെയും സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാരുടെയും പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. 5618 പേർക്ക് 3 ദിവസത്തെ പരിശീലനമാണ് നൽകിയിട്ടുള്ളത്.

(സി) മുഴുവൻ അംഗങ്ങളുടെയും പ്രാഥമിക പരിശീലനം 2011 ജനുവരി മാസം പൂർത്തിയാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനുള്ള നടപടികൾ ആദ്യഘട്ട പരിശീലനത്തിന്റെ ഭാഗമായി തന്നെ സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് നടക്കുന്ന പരിശീലനങ്ങളിലും പഞ്ചായത്ത്-നഗരപാലികാ നിയമങ്ങളെയും ചട്ടങ്ങളെയും മറ്റ് ഭരണ നിർവ്വഹണ നടപടിക്രമങ്ങളെയും സംബന്ധിച്ച വിവരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

കൂറുമാറ്റ നിയമം പരിഷ്കരിക്കുന്നതിന് നടപടി

179 (1937) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള കൂറുമാറ്റ നിയമം പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ :

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഭരണഘടനയുടെ 10-ാം പട്ടികയ്ക്ക് അനുസൃതമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൂറുമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുമോ :

(ഡി) നിലവിലുള്ള കൂറുമാറ്റനിയമം അനുസരിച്ച് ഹർജികൾ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) ഉണ്ട്. കൂറുമാറ്റത്തിന്റെ പേരിൽ സമർപ്പിക്കുന്ന ഹർജികൾ തീർപ്പ് കല്പിക്കുന്നതിനുള്ള സമയപരിധി അറുപത് ദിവസം എന്നത് ഇപ്പോൾ ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്ത് 120 ദിവസമായി ഉയർത്തിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്ത ജോലിക്ക് കൂലി ലഭിക്കാത്ത സംഭവം

180 (1938) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ കോഴിക്കോട് ജില്ലയിൽ ചെയ്ത ജോലിക്ക് തൊഴിലാളികൾക്കും ജീവനക്കാർക്കും കൂലി ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിക്കാത്തത് കാരണമാണോ ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly